# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2811 10.03.2017-ൽ മറുപടിക്ക്

**<u>കീക്കൊഴൂർ ഗവൺമെന്റ് എച്ച്.എസ്-ൽ ഹയർ സെക്കണ്ടറി കോഴ്സ്</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മൂന്ന വർഷം മുമ്പ് ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച കീക്കൊഴൂർ ഗവൺമെന്റ് എച്ച്.എസ്-ൽ ഇതുവരെ ഹയർ സെക്കണ്ടറി ആരംഭിച്ചില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഏത് കോഴ്സാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്; കെട്ടിടം ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിട്ടും മറ്റ സ്കൂളുകളോടൊപ്പം കോഴ്സ് ഇവിടെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) കോമേഴ്സ് (കോഴ്സ് കോഡ് നം.39) ബാച്ചാണ് അനുവദിച്ചിട്ടുള്ളത്. 2014-2015 അധ്യയനവർഷം ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കപ്പെട്ട ടി സ്കൂളിൽ 2014-15 അധ്യയന വർഷത്തിൽ മതിയായ എണ്ണം വിദ്യാർത്ഥികളെ ലഭിക്കാത്തത് കാരണമാണ് ക്ലാസ്സുകൾ ആരംഭിക്കാതിരുന്നത്. അടുത്ത വർഷം മുതൽ പ്രവർത്തനം തുടങ്ങണമെങ്കിൽ സർക്കാരിൽ നിന്നും അനുമതി നേടേണ്ടതായിട്ടുണ്ട്. സ്കൂളിൽ അടിസ്ഥാന സൗകര്യമുണ്ടോയെന്ന് പരിശോധിച്ച വകുപ്പുതല കമ്മിറ്റി ടി സ്കൂളിൽ ഹയർ സെക്കന്ററി ബാച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാലാണ് 2015-2016 അധ്യയന വർഷം മുതൽ പ്രവർത്തനാനുമതി ലഭിക്കാതിരുന്നത്. |
| (സി) കഴിഞ്ഞ അധ്യയന വർഷം ഇവിടെ കോഴ്സ് ആരംഭിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തു പ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചു എന്നതൊഴികെ പ്രിൻസിപ്പാളിനെയോ മറ്റ് അദ്ധ്യാപകരെയോ ഇവിടെ നിയമിച്ചിട്ടില്ല എന്നതും കഴിഞ്ഞ തവണ ഓൺലൈൻ ആപ്ലിക്കേഷൻ വെബ്സൈറ്റിൽ സ്കൂളിന്റെ പേരുപോലും പ്രസിദ്ധീകരിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത്തരത്തിൽ വീഴ്ച വരാൻ ഇടയാക്കിയ സാഹചര്യം എന്താണ്; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; | (ഡി) | യഥാസമയം പ്രവർത്തനം ആരംഭിക്കാതിരുന്ന ബാച്ചിന് തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാലാണ് 2015-2016 അധ്യയന വർഷം മുതൽ ഓൺലൈൻ ആപ്ലിക്കേഷൻ സൈറ്റിൽ ടി സ്കൂളിന്റെ പേരുവരാത്തത്. സ്കൂളിൽ അടിസ്ഥാന സൗകര്യം ഇല്ലാതിരുന്നതിനാലാണ് 2015-2016 മുതൽ പ്രവർത്തനാനുമതി ലഭിക്കാതിരുന്നത് ആയതിന് ഉദ്യോഗസ്ഥർ ഉത്തരവാദികളല്ല. സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം മാത്രമേ തസ്തികകൾ അനുവദിക്കുകയുള്ളൂ. |
| (ഇ) | 2017-18 അധ്യയന വർഷം കീക്കൊഴൂർ ഗവൺമെന്റ് എച്ച്.എസ്-ൽ ഹയർ സെക്കണ്ടറി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഇ) | സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി മതിയായ ഭൗതിക സാഹചര്യങ്ങളുണ്ടെങ്കിൽ 2017-2018 അധ്യയന വർഷം മുതൽ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**